©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2025 സെപ്റ്റംബർ 02
02nd September 2025
1201 ചിങ്ങം 17
17th Chingam 1201
1947 ഭാദ്രം 11
11th Bhadra 1947

നമ്പർ
No.
3155

കേരള സർക്കാർ

സംഗ്രഹം

പൊതുഭരണം—സംവരണാനുസൃതം പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിലോ മറ്റ് പിന്നോക്ക വിഭാഗങ്ങളിലോ ഉൾപ്പെടാത്ത സാമ്പത്തികമായ ദുർബല വിഭാഗങ്ങളുടെ പട്ടികയിൽ 170-ാം ക്രമനമ്പരായി 'കരാട ബ്രാഹ്മണ' (KARHADA BRAHMANA) വിഭാഗത്തെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട്—ഉത്തരവ് പുറപ്പെടുവിക്കുന്നു

പൊതുഭരണ (ഏകോപനം) വകുപ്പ്

സ. ഉ. (കൈ.) നമ്പർ 118/2025/GAD. *തിരുവനന്തപുരം, 2025 ആഗസ്റ്റ് 12.*

പരാമർശം:—1. മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ സമർപ്പിച്ച 29-2-2019-ലെ റിപ്പോർട്ട്.

2. സ. ഉ. (കൈ.) നമ്പർ 114/2021/പൊ.ഭ.വ., തീയതി, 3-6-2021.

3. സ. ഉ. (കൈ.) നമ്പർ 109/2023/പൊ.ഭ.വ., തീയതി, 8-7-2023.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4. സ. ഉ. (കൈ.) നമ്പർ 157/2024/പൊ.ഭ.വ., തീയതി, 16-12-2024.
5. സ. ഉ. (കൈ.) നമ്പർ 8/2025/പൊ.ഭ.വ., തീയതി, 24-1-2025.
6. സ. ഉ. (കൈ.) നമ്പർ 50/2025/ജി.എ.ഡി., തീയതി, 28-3-2025.
7. സ. ഉ. (പി.) നമ്പർ 9/2025/ജി.എ.ഡി., തീയതി, 9-7-2025.
8. 15-7-2025-ലെ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ എ1/49/2025/ കെ.എസ്.സി.ഇ.ബി.സി.എഫ്.സി. നമ്പർ കത്ത്.

ഉത്തരവ്

മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഒ. ബി. സി., കേന്ദ്ര ഒ. ബി. സി., സംസ്ഥാന എസ്. ഇ. ബി. സി. പട്ടികയിൽ ഒന്നും ഉൾപ്പെടാത്ത, അതായത് തൊഴിൽ സംവരണവും, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കാത്ത 164 വിഭാഗങ്ങളെ സംവരണേതര വിഭാഗമായി ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം പട്ടിക പ്രസിദ്ധീകരിക്കുകയും, പരാമർശിത ഉത്തരവുകൾ പ്രകാരം ഭേദഗതി വരുത്തുകയും, കൂടാതെ പരാമർശം (7) പ്രകാരം പ്രസ്തുത പട്ടികയുടെ പേര് സംവരണാനുസൃതം പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിലോ മറ്റ് പിന്നോക്ക വിഭാഗങ്ങളിലോ ഉൾപ്പെടാത്ത സാമ്പത്തികമായ ദുർബല വിഭാഗങ്ങളുടെ പട്ടിക എന്ന് പുനർനാമകരണം ചെയ്യുകയുമുണ്ടായി. പ്രസ്തുത പട്ടികയിൽ 'കരാട ബ്രാഹ്മണ' (KARHADA BRAHMANA) വിഭാഗത്തെക്കൂടി ഉൾപ്പെടുത്തുവാൻ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ മെമ്പർ സെക്രട്ടറി പരാമർശം (8) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സംസ്ഥാന ഒ. ബി. സി., കേന്ദ്ര ഒ. ബി. സി., സംസ്ഥാന എസ്. ഇ. ബി. സി. പട്ടികയിൽ ഒന്നും ഉൾപ്പെടാത്ത, അതായത് തൊഴിൽ സംവരണവും, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കാത്ത സംവരണാനുസൃതം പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിലോ മറ്റ് പിന്നോക്ക വിഭാഗങ്ങളിലോ ഉൾപ്പെടാത്ത സാമ്പത്തികമായ ദുർബല വിഭാഗങ്ങളുടെ പട്ടികയിൽ 170-ാം ക്രമനമ്പരായി 'കരാട ബ്രാഹ്മണ' (KARHADA BRAHMANA) വിഭാഗത്തെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശിത ഉത്തരവുകൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ബിജു, ഐ.എ.എസ്.,
സെക്രട്ടറി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.02 10:09:30 +05:30